# കൊല്ലത്തെ നീര സംസ്കരണ പ്ലാന്റ് ജൂലായിൽ പ്രവർത്തനം തുടങ്ങും

കൊച്ചി:കൊല്ലത്തെ കൈപ്പുഴ നാളികേര ഉത്പാദക കമ്പനിയുടെ പ്രവർത്തനം ജൂലായ് 15ന് ആരംഭിക്കും. ഒരു കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന നീര സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം മൈനാഗപ്പള്ളി കടപ്പയിൽ അടുത്തമാസം 15ന് തുടങ്ങും. 14,000 ചതുരശ്രയടി വിസ്തീർണം പ്ലാന്റിനുണ്ടാകും. പ്ലാന്റ് നിർമ്മാണത്തിന് 25 ലക്ഷം രൂപ സഹായ വാഗ്ദാനം ലഭിച്ചിട്ടുണ്ടെന്ന് കമ്പനി ചെയർമാൻ ഷാജഹാൻ കാഞ്ഞിരവിളയിൽ പറഞ്ഞു. പ്ലാന്റ് നിർമ്മാണത്തിനായി കടപ്പാ വാർഡിൽ ഒന്നര ഏക്കർ സ്ഥലം കമ്പനി പാട്ടത്തിന് എടുത്തിട്ടുണ്ട്. ഒന്നരമാസത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കുകയാണ് ലക്ഷ്യം. നീരയ്ക്കൊപ്പം നീര അനുബന്ധ ഉത്പന്നങ്ങളും പ്ലാന്റിൽ നിർമ്മിക്കും.



നീര ടാപ്പ് ചെയ്യാനുള്ള തെങ്ങുകളുടെ വിവരം എക്സൈസ് വകുപ്പിന് കൈമാറിയിട്ടുണ്ട്. ജില്ലയിലെ നാളികേര ഉത്പാദക ഫെഡറേഷനുകൾ ലൈസൻസിനുള്ള അപേക്ഷയും നൽകി. പ്രതിദിനം 15,000 ലിറ്ററിലധികം നീര സംസ്കരിക്കുകയാണ് ലക്ഷ്യം. ഉത്പാദനം തുടങ്ങിയാലുടൻ നീരയുടെ വില്പനയും തുടങ്ങും. പ്രതിവാരം 500 മില്ലി ലിറ്ററിന്റെ 3,000 നീര ബോട്ടിലുകൾ ലഭ്യമാക്കാൻ ഡൽഹി, ഗൾഫ് രാജ്യങ്ങൾ എന്നിവിടങ്ങളിൽ നിന്ന് അന്വേഷണം ലഭിച്ചിട്ടുണ്ടെന്നും ഷാജഹാൻ കാഞ്ഞിരവിളയിൽ പറഞ്ഞു.